**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1667** **16-10-2026-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങലിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**മറുപടി:** ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 10.30 കോടി രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ) നം. 67/2026/TRANS തീയതി 17.02.2026 പ്രകാരം (അനുബന്ധം I) നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ടെക്നിക്കൽ സാങ്ഷൻ (Technical Sanction - TS) ലഭ്യമാക്കുന്നതിനായി, എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് സ.ഉ.(സാധാ) നം. 343/2026/TRANS തീയതി 09.10.2026 പ്രകാരം (അനുബന്ധം II) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-"**Construction of Shopping complex and KSRTC Bus Terminal Phase 1 at Attingal Depot**" എന്ന പ്രവൃത്തി, **10.30** കോടി രൂപയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**67/2026/TRANS** തീയതി,തിരുവനന്തപുരം, **17-02-2026**

---

പരാമർശം:- **1.** ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,കെ.എസ്.ആർ.ടി.സി. യുടെ **06.08.2025**-ലെ **S001-AB05/384/2024/Civil** നമ്പർ കത്ത്.

**2.** **05.08.2025** തീയതിയിലെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ബിൽഡിംഗ്സ്), **CE/BL/PL1/TVM/ 12592/ 2025_23_1_1** നമ്പർ കത്ത്.

**ഉത്തരവ്**

**2023-24** കേരള ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക **276**-ൽ പ്രഖ്യാപിച്ചതനുസരിച്ച്, ആറ്റിങ്ങലിൽ ചെലവ് കുറഞ്ഞ നിർമ്മാണ മാർഗങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ മന്ദിരം നിർമ്മിക്കുന്നതിനായി പരാമർശം **(1)** പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. അഭ്യർത്ഥിച്ചിരുന്നു. "**Construction of Shopping Complex and KSRTC Bus Terminal Phase 1 at Attingal Depot**" എന്ന പ്രവൃത്തിക്കായി പരാമർശം **(2)** പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും **10.30** കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തി, പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "Construction of Shopping complex and KSRTC Bus Terminal Phase 1 at Attingal Depot" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിന്,"5055-00-190-99-09-00-0 Construction of Shopping complex and KSRTC Bus Terminal Phase I at Attingal Depot -PV' എന്ന ശീർഷകത്തിൽ നിന്ന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 10.30 കോടി രൂപയ്ക്ക് (പത്ത് കോടി മുപ്പത് ലക്ഷം രൂപ) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. The TS authority shall ensure the construction of buildings by enforcing compliance with KMBR/KPBR 2019.

2. The CMD, KSRTC will ensure that the works proposed in the estimate satisfy the functional requirements as envisaged.

3. The Structural Design is not seen done for the proposed building. Hence, the structural adequacy and structural stability for the building shall be ensured in an economical way before issuing the Technical Sanction.

4. A lump sum provision is prepared for electrical and electronics. Therefore, a detailed estimate shall be prepared prior to issuing the Technical Sanction.

5. TS authority shall ensure the correctness of the rates adopted for observed data provided in the estimates and the quality of materials during the time of execution.

6. The TS authority shall explore the possibility of providing DR masonry instead of the RCC retaining wall in the approach road/river protection works, in compliance with the directions in the prevailing CTE circulars.

7. The TS Authority shall explore the possibility of completing both bus steel structures shown in the layout within this AS proposal by utilising the tender savings.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ഒ എസ്. അംബിക എം.എൽ.എ. ആറ്റിങ്ങൽ (ആമുഖ കത്ത് സഹിതം).
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്).
ധനകാര്യ (പി.യു. എ.) വകുപ്പ്.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഗതാഗത വകുപ്പു മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

അനുബന്ധം - II

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഗതാഗതവകുപ്പ് -"**Construction of Shopping complex and KSRTC Bus Terminal Phase I at Attingal Depot**" എന്ന പ്രവൃത്തിയ്ക്കായി **10.30** കോടി രൂപ "**8443-00-108-00-00-PW**" എന്ന ശീർഷകത്തിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(എ) വകുപ്പ്**

സ.ഉ.(സാധാ) നം.**343/2026/TRANS** തീയതി,തിരുവനന്തപുരം, **09-10-2026**

---

പരാമർശം:- 1. സ.ഉ.(സാധാ) നം.**67/2026/TRANS** തീയതി **17.02.2026.**

2. കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ **23.02.2026**-ലെ-**S001/AB05/384/2024-Civil-KSRTC-HQ** നമ്പർ കത്ത്.

3. സ.ഉ.(സാധാ) നം.**6381/2026**/ഫിൻ തീയതി **11.08.2026.**

**ഉത്തരവ്**

"**Construction of Shopping complex and KSRTC Bus Terminal Phase I at Attingal Depot**" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിന് "**5055-00-190-99-09-PV** എന്ന ശീർഷകത്തിൽ നിന്നും **10.30** കോടി രൂപ വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. **5055-00-190-99-09-PV** ശീർഷകം പൊതുമരാമത്ത് വകുപ്പിന് കൈകാര്യം ചെയ്യുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിലേയ്ക്ക് **8443-00-108-00-00-PW** ഡെപ്പോസിറ്റ് ശീർഷകത്തിൽ **010159B026 DDO** കോഡിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ്, സ്പെഷ്യൽ ബിൽഡിംഗ്സ്, തിരുവനന്തപുരത്തിന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്ത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "**Construction of Shopping complex and KSRTC Bus Terminal Phase I at Attingal Depot**" എന്ന പ്രവർത്തിയ്ക്കായി **5055-00-190-99-09 PV** ശീർഷകത്തിൽ **10.30** കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ച് കൊണ്ട് പരാമർശം (3)പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ "**Construction of Shopping complex and KSRTC Bus Terminal Phase I at Attingal Depot**" എന്ന പ്രവർത്തിയ്ക്കായി **10.30** കോടി രൂപ "**5055-**

**00-190-99-09 PV** ശീർഷകത്തിൽ നിന്നും **8443-00-108-00-00-PW** എന്ന ശീർഷകത്തിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്).
4. ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി
6. ധനകാര്യ (പി.യു. എ.) വകുപ്പ്.
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Digitally signed by
Suryasree. S
Date: 12-10-2026
10:31:56

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഗതാഗത വകുപ്പു മന്ത്രിയുടെ പി.എസ്-ന്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്